അന്തരിച്ചു

രാമപാട്ടാളി

കൊല്ലങ്കാനം: കൊല്ലങ്കാനം ശാരദാ നിലയത്തിലെ രാമപാട്ടാളി(86)അന്തരിച്ചു. കർഷകനായിരുന്നു. ഭാര്യ: പത്മാവതി. മക്കൾ: നാരായണ, മഹാലിംഗ, സത്യവതി, ബാലകൃഷ്ണ, പരേതനായ ശ്രീധരൻ. മരുമക്കൾ: രാമചന്ദ്ര, അനിത. കെ, അനിത, ശാന്തകുമാരി, സഹോദരങ്ങൾ: സുബ്ബ കോമര, അമ്മിണി.

മുൻ പ്രവാസി ഹൃദയാഘാതം മൂലം മരിച്ചു

കാഞ്ഞങ്ങാട്: മുൻ പ്രവാസി ആവിയിൽ ഇല്യാസ് നഗറിലെ എ.വി. മുഹമ്മദ് കുഞ്ഞി (52) ഹൃദയാഘാതം മൂലം മരിച്ചു. ബദ്രിയ നഗർ സ്വദേശിനി സി.എച്ച്. മിസ്രിയയാണ് ഭാര്യ. മക്കൾ: മുബഷീർ, മുനവ്വിർ, മുബഷീറ, മുംതാസ്. മരുമക്കൾ: താജുദ്ദീൻ,(അബുദാബി),അലി (ഷാർജ).

മാതൃകാ പഞ്ചായത്ത് അംഗത്തിന് കുടുംബശ്രീയുടെ ആദരം

മുളിയാർ: സാമൂഹ്യ, സാംസ്കാരിക രംഗത്ത് നിറസാന്നിദ്ധ്യമായ മുളിയാർ ഗ്രാമ പഞ്ചായത്ത് അംഗം അനീസയെ കുടുംബശ്രീ എ.ഡി.എസ്. ആദരിച്ചു. വികസന സമിതി കൺവീനർ ഷെരീഫ് ഉപഹാരം സമ്മാനിച്ചു.ബി.സി. കുമാരൻ ഉദ്ഘാടനം ചെയ്തു. എ.ഡി.എസ്. സെക്രട്ടറി റിഷാന, ആശാവർക്കർ ഗൗരി നമ്പ്യാർ, കുടുംബശ്രീ അക്കൗണ്ടന്റ് സക്കീന, പ്രകാശ് റാവു, വേണുകുമാർ, കൃഷ്ണൻ, മാധവൻ നമ്പ്യാർ, അബ്ബാസ്, പൊന്നപ്പൻ, മറിയമ്പി, ഖൈറുന്നിസ, ഉമാദേവി, സുബൈദ, ജ്യോതി, നയന,ബായമ്മ, സമീറ,ഗൗരി,പത്മാവതി, ശാന്തി,ശശികല,അബ്ബു അമ്മ പ്രസംഗിച്ചു.

ദേലമ്പാടിയിൽ മുക്കോൺ പോരിന് മൂർച്ച കൂട്ടി മുന്നണികളും ബിജെപിയും

അഡൂർ: മലയോര പ്രദേശവും അതിർത്തി പഞ്ചായത്തുമായ ദേലമ്പാടിയിൽ മുക്കോൺ പോരു മുറുകുന്നു. നിലവിൽ പഞ്ചായത്തു ഭരിക്കുന്ന സി.പി.എം പ്രധാന പ്രതിപക്ഷ കക്ഷികളായ ബി.ജെ.പി, യു.ഡി.എഫ് എന്നിവർ തമ്മിലാണ് ഏറ്റുമുട്ടലിനു തയ്യാറെടുത്തു നിൽക്കുന്നത്.

16 അംഗ ദേലമ്പാടി ഗ്രാമ പഞ്ചായത്തിൽ 8 സീറ്റുകൾ നേടി സിപിഎം ആണ് ഭരണത്തിലുള്ളത്. 1, 4, 7, 8, 9, 10, 12, 13 എന്നീ വാർഡുകളിലായാണ് സി.പി.എം വിജയ പതാക കഴിഞ്ഞ തവണ പാറിച്ചത്. 1-ാം വാർഡിലെ മുസ്തഫ ഹാജി പ്രസിഡണ്ടും 9-ാം വാർഡിലെ നിർമ്മല വൈസ് പ്രസിഡണ്ടുമാണ്. കോൺഗ്രസിനു നാലും മുസ്ലീം ലീഗിന് ഒന്നും സീറ്റുണ്ട്. ബി.ജെ.പിക്ക് മൂന്നു സീറ്റുകളാണ് ദേലമ്പാടി ഗ്രാമ പഞ്ചായത്തിലുള്ളത്. ഭരണം നിലനിർത്താൻ സി.പി.എം അടവുകൾ അവനാഴിയിൽ അടുക്കിവച്ചു കഴിഞ്ഞു. നിലവിലുള്ള എട്ട് സീറ്റുകൾക്കു പുറമെ തെരഞ്ഞെടുപ്പിൽ രണ്ട് വാർഡുകൾ കൂടി പിടിക്കുമെന്നു സി.പി.എം നേതാക്കന്മാർ പറയുന്നു. ഗ്രാമ പഞ്ചായത്തിലെ അഞ്ചു വർഷത്തെ ഭരണ നേട്ടവും സംസ്ഥാന സർക്കാറിന്റെ ഭരണ നേട്ടവും വോട്ടായി മാറ്റുമെന്ന് അവർ കരുതുന്നു. പ്രതിപക്ഷ കക്ഷികൾ കള്ള പ്രചരണം നടത്തുന്നുണ്ടെന്നും പക്ഷെ ജനങ്ങൾ അത് തള്ളിക്കളയുമെന്നും അവർ ഉറച്ചുവിശ്വസിക്കുന്നു.

അതേസമയം പഞ്ചായത്തിന്റെ ഭരണം പിടിക്കാനുള്ള തന്ത്രം മെനയുകയാണെന്നു ബിജെപി നേതാക്കൾ പറയുന്നു. കഴിഞ്ഞ അഞ്ചു വർഷം ദേലമ്പാടിയിൽ സി.പി.എമ്മിന്റെ സെൽ ഭരണമായിരുന്നെന്നു നേതാക്കന്മാർ കൂട്ടിച്ചേർത്തു.സി.പി.എം പറയുന്നവർക്ക് മാത്രം ആനുകൂല്യങ്ങൾ നൽകിയെന്ന അവസ്ഥയായിരുന്നു. വികസനത്തിന്റെ മറവിൽ വ്യാപക അഴിമതിയായിരുന്നു-അവർ കൂട്ടിച്ചേർത്തു. 5, 6, 14 വാർഡുകളിലാണ് ബി.ജെ.പി ജയിച്ചിട്ടുള്ളത്.

പ്രതിപക്ഷ വാർഡുകളിലേക്ക് ഫണ്ട് നൽകാത്ത ഭരണമാണ് ദേലമ്പാടിയിൽ ഉണ്ടായിരുന്നതെന്നു കോൺഗ്രസ് നേതാക്കൾ അപലപിച്ചു. കോൺഗ്രസ് വാർഡുകൾക്ക് ഫണ്ട് നൽകിയിട്ടില്ല. ഇത് ജനങ്ങൾ മനസിലാക്കിയിട്ടുണ്ട്. ദേലമ്പാടി പഞ്ചായത്തിൽ യുഡിഎഫ് ഭരണം വരുമെന്നു അവർ പറയുന്നു. 2, 3, 11, 16 വാർഡുകൾ കോൺഗ്രസ്സും, 15-ാം വാർഡ് ലീഗും ജയിച്ചതാണ്.

ഗ്രാമ പഞ്ചായത്തിലെ നാൽപ്പത് ശതമാനം വന പ്രദേശമുള്ള പഞ്ചായത്താണ് ദേലമ്പാടി. മാത്രമല്ല, ഈ പ്രദേശങ്ങൾ കർണ്ണാടകയിലെ വന പ്രദേശങ്ങളുമായി ചേർന്നു കിടക്കുന്നു. അത് കൊണ്ട് തന്നെ കർണ്ണാടകയിൽ നന്നു വന്യ മൃഗങ്ങൾ ദേലംപാടിയിൽ ഇറങ്ങുകയും വ്യാപകമായി കൃഷി നശിപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ കാട്ടാന ശല്യമുള്ള പ്രദേശങ്ങളിൽ ഒന്നാണ് ദേലമ്പാടി. കൂടാതെ കൂട്ടം കൂട്ടമായി എത്തുന്ന കുരങ്ങുകൾ, കാട്ടുപോത്ത്, കാട്ടുപന്നികൾ എന്നിവയും കർഷകരുടെ ഉറക്കം കെടുത്തുന്നു. ഇതിനൊരു ശാശ്വത പരിഹാരം ഇതുവരെ ഉണ്ടായിട്ടില്ല എന്നു പ്രതിപക്ഷ കക്ഷികൾ ആരോപിച്ചു.

ദേലമ്പാടി ഗ്രാമ പഞ്ചായത്തിലെ 7 (പയറടുക്ക), 8 (മല്ലമ്പാര), 10 (ബളവന്തടുക്ക), 9 (കാട്ടിപ്പാറ) എന്നീ വാർഡുകൾ പൂർണ്ണമായും വന മേഖലയിലാണ്. വന്യ മൃഗ ശല്യം ഈ തെരഞ്ഞെടുപ്പിൽ ചർച്ചാവിഷയമാകും.

അടക്കത്തൊട്ടിയിലും കാട്ടാന ആക്രമണം; നെയ്യംകയത്ത് സോളാർ വേലി തകർത്തു

മുള്ളേരിയ: മലയോരത്തെ ഭീതിയിലാഴ്ത്തിയ കാട്ടാന കൂട്ടങ്ങൾ ആക്രമണം തുടരുന്നു. ഇന്നലെ രാത്രി മുള്ളേരിയ അടക്കത്തൊടിയിൽ നാട്ടിലിറങ്ങിയ ആനകൾ ഭാസ്ക്കരൻ നായരുടെ തോട്ടത്തിൽ വ്യാപക നാശം വിതച്ചു. കവുങ്ങ്, വാഴ, തെങ്ങ് എന്നിവയാണ് നശിപ്പിച്ചത്. ഇന്നു രാവിലെയാണ് വീട്ടുകാർ സംഭവം അറിഞ്ഞത്.

മറ്റൊരു കൂട്ടം ആനകൾ കൊട്ടംകുഴി-നെയ്യംകയം സോളാർ വേലി തകർത്തു. തേക്കുമരം പിഴുതെടുത്ത് വേലിയുടെ മുകളിലേയ്ക്ക് തള്ളിയിടുകയായിരുന്നു. എന്നാൽ വേലി തകർത്ത ഭാഗം ഒഴിവാക്കി പുഴയിലൂടെ നെയ്യംകയത്തെത്തിയ ആനകളെ നാട്ടുകാർ കാട്ടിലേയ്ക്ക് തുരുത്തി. മറ്റൊരു കൂട്ടം ആനകൾ കൊട്ടംകുഴിയിൽ നിലയുറപ്പിച്ചിട്ടുണ്ട്. ആനകൾ നാട്ടിലിറങ്ങി കൂടുതൽ നാശം വരുത്താനുള്ള സാധ്യത കണക്കിലെടുത്ത് നാട്ടുകാർ ജാഗ്രതയിലാണ്.

അടുക്കത്തൊട്ടിയിലെ ഭാസ്ക്കരൻ നായരുടെ തോട്ടത്തിൽ കാട്ടാന നശിപ്പിച്ച കവുങ്ങുകൾ



കാട്ടാന തകർത്ത നെയ്യംകയം-കൊട്ടംകുഴി സോളാർ വേലി നാട്ടുകാർ ശരിയാക്കുന്നു

മുളിയാർ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണസംഘം കോട്ടൂർ ശാഖ കെ.കുഞ്ഞിരാമൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

മുളിയാർ അഗ്രി.വെൽഫെയർ സഹ. സംഘം കോട്ടൂർ ബ്രാഞ്ച് തുറന്നു

ബോവിക്കാനം: മുളിയാർ അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം കോട്ടൂർ ബ്രാഞ്ച് കെ കുഞ്ഞിരാമൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡൻറ് ഖാലിദ് ബെള്ളിപ്പാടി ആധ്യക്ഷം വഹിച്ചു. സ്ട്രോങ്ങ് റൂം അസിസ്റ്റന്റ് രജിസ്ട്രാർ മുരളീധരൻ ഉദ്ഘാടനം ചെയ്തു. കോർ ബാങ്കിങ്ങ് സ്പെഷൽ ഗ്രേഡ് സീനിയർ ആഡിറ്റർ രവീന്ദ്ര ആന മജലും കൗണ്ടർ സിജി മാത്യുവും ഉദ്ഘാടനം ചെയ്തു. ആദ്യ നിക്ഷേപം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗീതാ ഗോപാലനും ആദ്യ വായ്പ സീനിയർ ഇൻസ്പെക്ടർ ബൈജു രാജും ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കെ ബാല കൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു. കെ പ്രഭാകരൻ, പി ബാല കൃഷ്ണൻ, എം മാധവൻ, ഗണേശൻ, പി വി മിനി, എം എ അസീസ്, ബിഎം പ്രദീപ്, ടി ബാലകൃഷ്ണൻ, ബി കെ നാരായണൻ, വൈജനാർദ്ദനൻ, വി നാരായണൻ പ്രസംഗിച്ചു. സംഘം പ്രസിഡന്റ് പി രവീന്ദ്രൻ സ്വാഗതവും വൈ. പ്രസിഡന്റ് ഇ ശ്രീധരൻ നായർ നന്ദിയും പറഞ്ഞു.

മഴ: കുമ്പളയിലും ഉപ്പളയിലും മരങ്ങൾ കട പുഴകി വീണു

ഉപ്പള: ഇന്നലെ രാത്രിയുണ്ടായ മഴയിൽ മരങ്ങൾ കടപുഴകി വീണു. വിവിധ സ്ഥലങ്ങളിൽ ഗതാഗത തടസ്സം നേരിട്ടു.

കുമ്പള പൊലീസ് സ്റ്റേഷൻ പരിസരം, കൊക്കെച്ചാൽ, ഡബിൾഗേറ്റ് എന്നിവിടങ്ങളിലും മരം മറിഞ്ഞു ഗതാഗതം തടസ്സപ്പെട്ടു. ഉപ്പള ഫയർഫോഴ്സ് എത്തി മരം മുറിച്ചു മാറ്റിയാണ് ഗതാഗതം പുനഃസ്ഥാപിച്ചത്. പ്രതാപ് നഗറിൽ മരം വീണു വൈദ്യുതി വിതരണവും തടസ്സപ്പെട്ടു.

മൂന്ന് കോവിഡ് മരണം കൂടി: ജില്ലയിൽ മരണം 200 ആയി

കാസർകോട്: ജില്ലയിൽ മൂന്ന് പേരുടെ മരണം കൂടി കോവിഡ് മരണമെന്ന് ആരോഗ്യവകുപ്പ് സ്ഥിരീകരിച്ചു. ബദിയഡുക്ക പഞ്ചായത്തിലെ എം ജോസ് (74), പുത്തിഗെ പഞ്ചായത്തിലെ മറിയുമ്മ (70), ചെങ്കള പഞ്ചായത്തിലെ മറിയുമ്മ (63) എന്നിവരുടെ മരണമാണ് കോവിഡ് മരണമായി സ്ഥിരീകരിച്ചത്. ഇതോടെ ജില്ലയിൽ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം 200 ആയി.

തെയ്യാട്ടം; കാഞ്ഞങ്ങാട് സ്വദേശിക്ക് അന്താരാഷ്ട്ര പുരസ്ക്കാരം

കാസർകോട്: യു കെയിലെ സ്ക്രീൻ പവർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച എഡിറ്റർക്കുള്ള പുരസ്ക്കാരം കാഞ്ഞങ്ങാട് സ്വദേശി വിപിൻ രവി എ ആറിന്. ജയൻ മാങ്ങാട് രചനയും സംവിധാനവും നിർവ്വഹിച്ച 'തെയ്യാട്ടം' ഡോക്യുമെന്ററിയുടെ എഡിറ്റിംഗിനാണ് അവാർഡ്. അലാമിപ്പള്ളി സ്വദേശിയാണ് രവി. ഡൽഹി ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ, മിയാമി ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ എന്നിവയിൽ പ്രത്യേക ജൂറി പുരസ്ക്കാരം നേടിയിരുന്നു. സംസ്ഥാന ഫോക് ലോർ അക്കാദമിയുടെ മികച്ച ഡോക്യുമെന്ററിക്കുള്ള പ്രേക്ഷക അവാർഡും തെയ്യാട്ടത്തിനു ലഭിച്ചിരുന്നു.

വിപിൻ രവി

ആഗോള സമാധാനത്തിനുള്ള സാൻ ഫ്രാൻസിസ്കോ പുരസ്കാരം വെള്ളിക്കോത്ത് സ്വദേശിക്ക്

കാഞ്ഞങ്ങാട് : ഇംഗ്ലീഷ് സാഹിത്യകാരനും റൈറ്റേഴ്സ് ക്യാപിറ്റൽ ഇന്റർനാഷണൽ ഫൗണ്ടേഷൻ സ്ഥാപക അധ്യക്ഷനുമായ പ്രീത് നമ്പ്യാർക്ക് ആഗോള സമാധാനത്തിനുള്ള ഇറ്റാലിയൻ ബഹുമതി. യു.എന്നിന്റെ കീഴിൽ റോം ആസ്ഥാനമായി പ്രവർത്തിക്കുന്ന കൾച്ചർ അമ്പിയന്റ് ഇന്റർനാഷണൽ അസോസിയേഷനും സെന്റർ ഫോർ പീസും സംയുക്തമായി നൽകി വരുന്ന സാൻ ഫ്രാൻസിസ്കോ പുരസ്കാരമാണ് കാഞ്ഞങ്ങാട് വെള്ളിക്കോത്ത് സ്വദേശിയായ പ്രീത് നമ്പ്യാരെ തേടിയെത്തിയത്. സാഹിത്യത്തിലൂടെ ആഗോള സമാധാനത്തിനായി നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അവാർഡ് ദാനം ഓൺലൈനായാണ് നടത്തുക. സാംസ്കാരിക വിനിമയത്തിലൂടെ ആഗോള ശാന്തിയും സമാധാനവും ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രീത് നമ്പ്യാർ സ്ഥാപിച്ച റൈറ്റേഴ്സ് ക്യാപിറ്റൽ ഇന്റർനാഷണൽ ഫൗണ്ടേഷൻ ഇന്ന് അമ്പതോളം രാജ്യങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

സപര്യ സാഹിത്യ പുരസ്കാരം ഡോ. ആർ.സി. കരിപ്പത്തിന്

കാഞ്ഞങ്ങാട്: സപര്യയുടെ സമഗ്ര സാഹിത്യ പുരസ്കാരം ഡോ. ആർ.സി കരിപ്പത്തിന്. തെയ്യപ്രപഞ്ചം എന്ന ബൃഹദ് ഗ്രന്ഥമടക്കം പതിമൂന്ന് പുസ്തകങ്ങളുടെ കർത്താവ്,നാടൻ കലയുടെ കുലപതി, മികച്ച പ്രഭാഷകൻ,നിരവധി കവിതകളുടെ രചയിതാവ് എന്നീ നിലകളിലുള്ള മികവ് പരിഗണിച്ചാണ് പുരസ്കാരം.25000 രൂപയും, കാനായി ശില്പവും, പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.സി.രാധാകൃഷ്ണൻ, എസ് രമേശൻ നായർ,ഒ. അശോക് കുമാർ അടങ്ങിയ ജൂറിയാണ് അവാർഡ് നിശ്ചയിച്ചത്. നാടുസംസ്കൃതി ഡയറക്ടർ, ചെറുശ്ശേരി പൈതൃക പഠനകേന്ദ്രം ഉപാധ്യക്ഷൻ എന്നീ നിലകളിലും ഇദ്ദേഹം പ്രവർത്തിച്ചു വരുന്നു.

ആരോഗ്യ രംഗത്ത് മികച്ച സേവനം: വൊർക്കാടി പഞ്ചായത്തിന് അക്ഷയ കേരള പുരസ്കാരം

വൊർക്കാടി: ക്ഷയരോഗ നിവാരണത്തിന് കേരള സർക്കാർ നടപ്പിലാക്കിയ എന്റെ ക്ഷയരോഗമുക്ത കേരളം പദ്ധതി വിജയകരമായി പൂർത്തിയാക്കിയതിന് വൊർക്കാടി പഞ്ചായത്തിന് അക്ഷയ കേരളം പുരസ്കാരം ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പദ്ധതി നടപ്പിലാക്കിയതിന് ശേഷം ക്ഷയരോഗ മരണമോ പുതുതായി രോഗമോ റിപ്പോർട്ട് ചെയ്തിട്ടില്ല. സംസ്ഥാനത്ത് നിന്ന് ക്ഷയരോഗം പൂർണ്ണമായും തുടച്ചുനീക്കുക എന്ന സർക്കാർ ലക്ഷ്യം വൊർക്കാടി ആരോഗ്യ കേന്ദ്രവും പഞ്ചായത്തും സംയുക്തമായി പ്രവർത്തിച്ചത് കൊണ്ടാണ് പ്രദേശത്ത് പൂർണ്ണതയിലെത്തിക്കാൻ സാധിച്ചത്. ഒരു ഡോക്ടർമാത്രമുണ്ടായിരുന്ന പി എച്ച് സി യെ മുന്ന് ഡോക്ടർമാരുള്ള എഫ് എച്ച് സിയാക്കി ഉയർത്തിയതും ഹോസ്പിറ്റലിന് ഒരു കോടി അറുപത്തി അഞ്ച് ലക്ഷം രൂപ വിവിധ ഫണ്ടുകളിൽ നിന്നും പഞ്ചായത്ത് വിഹിതവും ലഭ്യമാക്കി കെട്ടിടം പണിയാൻ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തിയാക്കിയതും പഞ്ചായത്ത് പ്രസിഡന്റ് ബി എ അബ്ദുൽ മജീദിന്റെ നിരന്തര ശ്രമംകൊണ്ടാണ്. കിടപ്പിലായ രോഗികളെ വീടുകളിലെത്തിപരിചരിക്കാൻ ഓരോ വർഷവും പത്ത് ലക്ഷം രൂപ വീതം പഞ്ചായത്ത് വകയിരുത്തുന്നുണ്ട്. ഹോമിയോ-ആയുർവേദ ആശുപത്രികളുടെ സേവനം മികച്ചതാക്കാൻ പഞ്ചായത്ത് വേണ്ട എല്ലാ സഹായങ്ങളും നൽകുന്നുണ്ട്.പുരസ്കാര സർട്ടിഫിക്കറ്റ് മെഡിക്കൽ ഓഫീസർ ഡോ: ടിട്ടു വിൽ നിന്ന് പഞ്ചായത്ത് പ്രസിഡന്റ് ബി എ അബ്ദുൽ മജീദ് ഏറ്റുവാങ്ങി. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേർസൺ ജസീന്ത ഡിസോജ, പഞ്ചായത്ത് സെക്രട്ടറി രാജേശ്വരി, എച്ച് ഐ ഗീത ജെ എച്ച് ഐ ഹാഷിം എന്നിവർ സംസാരിച്ചു.

കേരള മൺപാത്ര നിർമ്മാണ സമുദായസഭ കളക്ട്രേറ്റ് ധർണ്ണ എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

കാസർകോട് മുനിസിപ്പൽ അതിർത്തിയിലെ സാമ്പത്തിക സർവ്വെ ചെയർപേഴ്സൺ ബീഫാത്തിമ ഉദ്ഘാടനം ചെയ്യുന്നു

തെരഞ്ഞെടുപ്പ് മാറ്റി

കാഞ്ഞങ്ങാട്: ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ നാളെ നടക്കാനിരുന്ന ഭരണ സമിതി തെരഞ്ഞെടുപ്പു മാറ്റിവച്ചു.കോവിഡിനെത്തുടർന്നു ഹൊസ്ദുർഗ്ഗ് സ്റ്റേഷൻ പരിധിയിൽ നിരോധനാജ്ഞ നിലനിൽക്കുന്നതിനെ തുടർന്നാണിത്.

റോട്ടറി ജൈവകൃഷിയിൽ നൂറുമേനി വിളവ്

കാസർകോട് : റോട്ടറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മുണ്ടയ്ത്തടുക്ക അരിയപ്പാടിയിൽ ഇറക്കിയ ജൈവ നെൽകൃഷിയിൽ നൂറുമേനി വിളവ്. ഇരുവരു ഉള്ളാക്കളു ഗളേയര ബളഗ ക്ലബിന്റെ നേതൃത്വത്തിൽ ഒരേക്കർ തരിശുഭൂമിയിലാണ് കൃഷിയിറക്കിയത്. റോട്ടറി ക്ലബ് പ്രസിഡണ്ട് ഡോ. സി എച്ച് ജനാർദ്ദന നായക് നെൽകതിർ കൊയ്ത് ഉദ്ഘാടനം ചെയ്തു. വൈ മഹാലിംഗേശ്വര ഭട്ട് അധ്യക്ഷനായി. റോട്ടറി ഡിസ്ടിക്ട് സെക്രട്ടറി എം ടി ദിനേശൻ, സെക്രട്ടറി അശോകൻ കുണിയേരി, ട്രഷറർ എം കെ രാധാകൃഷ്ണൻ, കെ സർവ്വമംഗള റാവു , എം നാരായണ ചമ്പൽത്തിമാർ, ചിദാനന്ദ ആൾവ, ബാബു പൂജാരി, ശശികുമാർ, എസ് നാരായണ, എസ് സുന്ദര കട്ടനടുക്ക, ചന്ദ്രശേഖര, സദാനന്ദ പാറ എന്നിവർ കൊയ്ത്തുത്സവത്തിന് നേതൃത്വം നൽകി.

അരിയപ്പാടി പാടത്തു നടന്ന കൊയ്ത്തുത്സവം ഡോ.സി.എച്ച്.ജനാർദ്ദന നായിക്ക് ഉദ്ഘാടനം ചെയ്യുന്നു

കുട്ലു വില്ലേജ് ഓഫീസ് വിഭജനം വൈകുന്നതിൽ പ്രതിഷേധം

മൊഗ്രാൽപുത്തൂർ: കുട്ലു ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിക്കാത്തതിൽ ജീവനക്കാർ പ്രതിഷേധിക്കുന്നു. ചെറിയ വില്ലേജുകൾ പോലും ഭരണ സൗകര്യത്തിന്റെ പേരിൽ വിഭജിക്കുമ്പോൾ മൊഗ്രാൽപുത്തൂർ പഞ്ചായത്ത് മുഴുവനും മധൂർ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളുമുള്ള കുട്ലു വില്ലേജ് വിഭജിക്കാത്തത് ഈ പ്രദേശത്തെ ജനങ്ങളോടുള്ള അവഗണനയാണെന്ന് അറിയിപ്പിൽ ചൂണ്ടിക്കാട്ടി. അരലക്ഷത്തിൽപരം ജനസംഖ്യ ഈ വില്ലേജ് ഓഫീസിനുണ്ടെന്ന് അറിയിപ്പിൽ പറഞ്ഞു. ഓഫീസ് സൗകര്യം കുറവുള്ളതിനാലും ജീവനക്കാർ അപര്യാപ്തമായതിനാലും നിലവിലുള്ള ജീവനക്കാർ ജോലി ഭാരം കൊണ്ടു വിഷമിക്കുകയാണെന്ന് അറിയിപ്പിൽ കൂട്ടിച്ചേർത്തു.

ഉപ്പളയിൽ ഒരു വീട്ടിലെ ഏഴുപേർക്ക് കോവിഡ്

ഉപ്പള: പ്രതാപ്നഗറിൽ ഒരു വീട്ടിലെ ഏഴുപേർക്ക് കോവിഡ് സ്ഥിരീകരിച്ചു. ഇവരെ വീട്ടിനുള്ളിൽ ചികിത്സിക്കുന്നു. ഈ വീടിന്റെ 100 മീറ്റർ ചുറ്റളവ് കണ്ടയ്ൻമെന്റ് സോണാക്കിയിരിക്കുകയാണ്. ആരോഗ്യപ്രവർത്തകർ മേൽനോട്ടം വഹിക്കുന്നു.

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ-പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

മാസ്ക്ക് ധരിച്ച് മാതൃകയായ നാരായണിയമ്മയ്ക്ക് ബേഡകം പൊലീസിന്റെ ബിഗ് സല്യൂട്ട്

നാരായണിയമ്മയ്ക്ക് ബേഡകം ജനമൈത്രി പൊലീസ് നൽകിയ ആദരം

ബേഡകം: പൊതു ഇടങ്ങളിൽ മാസ്ക്ക് ധരിച്ചു മാതൃകയായ വൃദ്ധയെ ബേഡകം പൊലീസ് വീട്ടിലെത്തി ആദരിച്ചു. കഴിഞ്ഞ ദിവസം റോന്ധരികിൽ മാസ്ക്ക് ധരിച്ചു പുല്ലരിയുകയായിരുന്ന നാരായണിയമ്മയുടെ ഒരു വീഡിയോ സമൂഹ മാധ്യമങ്ങളിൽ വൈറലായിരുന്നു. വീഡിയോ ശ്രദ്ധയിൽ പെട്ട ബേഡകം സ്റ്റേഷൻ ഇൻസ്പെക്ടർ ഉത്തംദാസ് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരെയും കൂട്ടി നാരായണി അമ്മയുടെ വീട്ടിലെത്തുകയായിരുന്നു. അപ്രതീക്ഷിതമായി പൊലീസുദ്യോഗസ്ഥരെ കണ്ട് നാട്ടിൻ പുറത്ത് കാരിയായ നാരായണിയമ്മ ആദ്യം അമ്പരന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാതൃകാപരമായ സന്ദേശം നല്കിയ നാട്ടുമ്പുറത്തുകാരിയായ നാരായണിയമ്മയെ ഇൻസ്പെക്ടർ ഉത്തംദാസ് പൊന്നാട അണിയിച്ചു. ജനമൈത്രി പൊലീസിന്റെ മാസ്ക്കും ഗ്ലൗസും കിറ്റും നൽകി.തറവാടിന്റെയും കുടുംബാംഗങ്ങളുടെയും മുന്നിൽ വെച്ച് കിട്ടിയ അംഗീകാരത്തിന് നാരായണിയമ്മ പൊലീസുദ്യോഗസ്ഥർക്ക് കൈകൂപ്പി നന്ദി പറഞ്ഞു. സിഐ ഉത്തംദാസിനൊപ്പം ജനമൈത്രി ബീറ്റ് പൊലീസ് ഉദ്യോഗസ്ഥരായ രാമചന്ദ്രൻ നായർ, സുകുമാരൻ, രാജേഷ്, സ്പെഷ്യൽ ബ്രാഞ്ചിലെ ഭാസ്ക്കരൻ എന്നിവരും, മാഷ് മിഷനിലെ വിജയൻ ശങ്കരൻ പാടിയും സംബന്ധിച്ചു.

Vol -27, Issue No -213 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com